SUNDAY 28.07.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/07/2024

1. വിളവൂർക്കൽ പഞ്ചായത്തിന്റെ സഹകരണത്തോടെ കൃഷി ഭവൻ സംഘടിപ്പിക്കുന്ന കർഷക ദിനാചരണത്തിൽ വിവിധ മേഖലയിലുള്ള കർഷകരെ ആദരിക്കുന്നു. വിളവൂർക്കൽ പഞ്ചായത്ത് പരിധിയിലെ താൽപര്യമുള്ള കർഷകർ ഓഗസ്റ്റ് ഒന്നിനു മുൻപ് അപേക്ഷകൾ കൃഷി ഭവനിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 -2280686.

2. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) നിറപുത്തരി കൊയ്ത്തുത്സവാഘോഷത്തിനുള്ള നെൽക്കതിർ (ചതുരശ്രമീറ്ററിന് 100 രൂപ നിരക്കിൽ), കതിർക്കെട്ടുകൾ (അയർ) വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ വില്പനയ്ക്ക് ജൂലൈ മാസം അവസാന വാരം മുതൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471- 2343586 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ചിക്കൻ ഫാം ആരംഭിക്കുന്നതിന് അർഹരായ കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിലവിൽ 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ ഫാം ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൻറെ സർട്ടിഫിക്കറ്റ് എന്നിവ ഉള്ള കുടുംബശ്രീ അംഗങ്ങൾക്ക് (വ്യക്തി / ഗ്രൂപ്പ്) അപേക്ഷിക്കാം. അപേക്ഷ ഫോറം സിഡിഎസ്സിൽ നിന്നും ലഭിക്കും. ഫോൺ: 0497 2702080.

4. തീരമൈത്രി പദ്ധതിയിൽ അപേക്ഷിക്കാം സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) തീരമൈത്രി പദ്ധതിയിലൂടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിക്കുന്നതിന് മത്സ്യക്കച്ചവടം, ഉണക്ക മീൻക്കച്ചവടം, പീലിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ഗ്രൂപ്പുകളിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിന്നും അപേക്ഷ ക്ഷണിച്ചു. പലിശയ്ക്ക് കടമെടുത്ത് മത്സ്യക്കച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. അപേക്ഷകർ എഫ്.എഫ്.ആർ-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരിക്കണം. പ്രായപരിധി ഇല്ല. 5 പേരങ്ങടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50, 000 രൂപ പലിശരഹിത വായ്പയായി ലഭിക്കും. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റൻ്റ് ഡയറക്ടർ ഓഫീസിൽ നിന്നും ജില്ലയിലെ മത്സ്യഭവൻ ഓഫീസുകളിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് 9847907161, 9895332871 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല വനശാസ്ത്ര കോളേജിൽ പ്രോജക്റ്റിലേക്ക് റിസേർച്ച് അസിസ്റ്റൻ്റ് തസ്തികയിലേയ്ക്ക് (പ്രതിമാസം 25,000 രൂപ നിരക്ക്) 31/07/2024 ന് രാവിലെ 10.00 ന് നടത്തുന്ന വാക്ക് ഇൻ ഇൻ്റർവ്യൂവിന് പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊള്ളുന്നു.യോഗ്യത: MSc. (Remote Sensing and GIS / Forestry/ Environment/Geography/ Geology and Climate Change Adaptation. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

6. തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പും പട്ടികവർഗ വികസന വകുപ്പും സംയുക്തമായി ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന മീഡിയം സ്കെയിൽ ഓർണമെൻറൽ ഫിഷ് റിയറിങ് യൂണിറ്റ് എന്ന ഘടകപദ്ധതിയിലേക്ക് പട്ടികവർഗ വിഭാഗത്തിലുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 100% സബ്സിഡി ലഭിക്കുന്ന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 8 ലക്ഷം രൂപയാണ്. താത്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കി.അപേക്ഷകൾ കമലേശ്വരത്തുള്ള ഫിഷറിസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല)

ഓഫീസിൽ ജൂലൈ 30നകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2450773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഓഗസ്റ്റ് 6 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 5 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾ്‍ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 6 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 05 മുതൽ 09 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in